# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3166** — **18/06/2019 ൽ മറുപടിക്ക്**

**കശുവണ്ടി മേഖലയിലെ പ്രവർത്തനങ്ങൾ**

| ചോദ്യം<br>ശ്രീ.ബി.സത്യൻ | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | അടഞ്ഞുകിടന്നിരുന്ന എത്ര കശുവണ്ടി സംസ്കരണ ഫാക്ടറികൾ ഈ സർക്കാർ അധികാരമേറ്റശേഷം തുറന്ന് പ്രവർത്തിപ്പിച്ചുവെന്നും കശുവണ്ടി മേഖലയിൽ എത്ര തൊഴിൽ ദിനങ്ങൾ അധികമായി സൃഷ്ടിച്ചുവെന്നും വിശദമാക്കുമോ; | (എ) | കേരളത്തിൽ ആകെ 864 ഫാക്ടറികളിൽ പൊതുമേഖലയിലുള്ള 40 ഫാക്ടറികൾ ഉൾപ്പെടെ 432 എണ്ണം തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. അതിനാനുപാതികമായി തൊഴിൽ ദിനങ്ങളിലും വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | കശുവണ്ടി കയറ്റുമതിയിൽ ശരാശരി എത്ര രൂപയുടെ അധികവരുമാനം പ്രതിവർഷം നേടാനായെന്ന് വിശദമാക്കുമോ? | (ബി) | പൊതുമേഖലാവ്യവസായങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെങ്കിലും ആഭ്യന്തരവിപണിയിൽ കൂടുതൽ വില ലഭിക്കുന്നതിനാൽ ടെന്റർ മുഖാന്തിരം ആഭ്യന്തരവിപണിയിലാണ് പരിപ്പ് വിറ്റഴിക്കുന്നത്. പരിപ്പിന്റെ വിപണനത്തിൽ കേരള കാഷ്യുബോർഡിന്റെ സഹായത്തോടുകൂടി പരിപ്പിന്റെ മാർക്കറ്റിംഗിലും കയറ്റുമതിയിലും കൂടുതൽ ഇടപെടുന്നതോടുകൂടി പരിപ്പ് കയറ്റുമതി വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ